"ഭരണഭാഷ മാതൃഭാഷ"

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ജി2/30131/2014 ചാക്ക, തിരുവനന്തപുരം 7

തീയതി: 01/11/2014

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- പരീക്ഷകളിൽ പങ്കെടുക്കുന്ന ട്രെയിനികൾ സ്വന്തം റോൾ നമ്പർ ഉത്തരക്കടലാസ്സിൽ തെറ്റായി രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പരീക്ഷാ ഹാളിൽ ചുമതലയുള്ള ഇൻവിജിലേറ്റർമാർക്ക് നൽകുന്ന പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

വകുപ്പ് നടത്തുന്ന പരീക്ഷകളിൽ സ്വന്തം റോൾ നമ്പർ ഉത്തരക്കടലാസ്സിൽ തെറ്റായി രേഖപ്പെടുത്തുന്ന ട്രെയിനികളുടെ എണ്ണം ഓരോ പരീക്ഷകൾ കഴിയുമ്പോഴും വർദ്ധിച്ചുവരുന്നതായി കാണുന്നു. ടി തെറ്റായ രേഖപ്പെടുത്തലുകൾ കാരണം ഫല പ്രഖ്യാപനം സമയബന്ധിതമായി നടത്താൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. റോൾ നമ്പർ ശരിയായ രീതിയിലാണോ ട്രെയിനികൾ ഉത്തരക്കടലാസ്സിൽ രേഖപ്പെത്തിയിരിക്കുന്നത് എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടത് പരീക്ഷാ ഹാളുകളിൽ ഇൻവിജിലേഷൻെറ ചുമതലയുള്ള ഉദ്യോഗസ്ഥരാണ്. ടി ചുമതല കൃത്യമായി നിർവഹിക്കാത്തതുകൊണ്ടാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ള തെറ്റുകൾ സംഭവിക്കുന്നത്. ടി വിഷയം വിശദമായി പരിശോധിക്കുകയും താഴെ പറയുന്ന പുതിയ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഒരു ട്രെയിനി ഏതെങ്കിലും വിഷയത്തിൻെറ ഉത്തരക്കടലാസ്സിൽ സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സെൻറായി കണക്കാക്കി ഫല പ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയത്തിന് പരിഗണിക്കുകയില്ല. ടി പുതിയ നിർദ്ദേശം 2015 വർഷം മുതൽ വകുപ്പ് നടത്തുന്ന എല്ലാ പരീക്ഷകൾക്കും ബാധകമായിരിക്കും. ഇപ്രകാരം ഏതെങ്കിലും ട്രെയിനിയുടെ ഫല പ്രഖ്യാപനം ആബ്സെൻറായി പരിഗണിക്കുന്ന സാഹചര്യം

ഉണ്ടാകുകയാണെങ്കിൽ ടി ട്രെയിനി പരീക്ഷ എഴുതിയ ഹാളിൽ ഇൻവിജിലേഷൻ ചുമതല നിർവഹിച്ച ഉദ്യോഗസ്ഥനെതിരെ വകുപ്പ്തല കഠിന അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും. ടി വിവരം എല്ലാ പ്രിൻസിപ്പാൾമാരും അവരുടെ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ടെക്നിക്കൽ/മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശ്രദ്ധയിൽ രേഖാമൂലം അറിയിക്കേണ്ടതും അടുത്ത സ്റ്റാഫ് മീറ്റിംഗിൽ ടി വിവരം മിനിട്ട്സിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതുമാണ്.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ സർക്കാർ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ

ബി.റ്റി.സി. പ്രിൻസിപ്പാൾ

ട്രെയിനിംഗ് ഓഫീസർമാർ

ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ